**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിൻമേൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി - ശിക്ഷ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ. (സാധാ) നം.1930/2020/ത.സ്വ.ഭ.വ.** തീയതി, തിരുവനന്തപുരം, 16/10/2020

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 22.05..2018 തീയതിയിലെ വി3 -2258/16 നമ്പർ കത്ത്.
2. 08.08.2019 തീയതിയിലെ സ.ഉ (സാധാ) നം.1719/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
3. ശ്രീ. രഘുരാമൻ സമർപ്പിച്ച 24.08.2019 തീയതിയിലെ പുന:പരിശോധനാ ഹർജി

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ 04.03.2015 മുതൽ 13.03.2015 വരെ നടത്തിയ പരിശോധനയിൽ, ഗുരുവായൂർ വില്ലേജിൽ സർവ്വേ നം. 99/2 ൽ നം.ബി.എ. 217/13-14 തീയതി 06.03.2014 പ്രകാരം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയതിനാൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, പരാമർശം 2 പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ. രഘുരാമൻ പരാമർശം 3 പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

- 15.11.2009-ലെ 72671/ആർ.എ.1/2008/തസ്വഭവ നമ്പർ സർക്കുലറിലും, 27.06.2010-ലെ 36587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലറിലും അനുശാസിക്കുന്ന പ്രകാരം സ്ഥലപരിശോധന നടത്തിയ ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മുനിസിപ്പൽ എഞ്ചിനീയർ) എന്നിവരുടെ വ്യക്തമായ റിപ്പോർട്ടിന്റേയും ശുപാർശകളുടേയും അടിസ്ഥാനത്തിലാണ് എല്ലാ ബിൽഡിംഗ് പെർമിറ്റുകളും അനുവദിച്ചത്.
- കേരള മുനിസിപ്പാലിറ്റി ആക്ട് 50(2) വകുപ്പ് പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തു കൊടുത്തിട്ടുണ്ട്. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ അവിടുത്തെ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ ഡെലിഗേഷൻ ഉത്തരവിന്റെ 44-ാം ഖണ്ഡികയിൽ കെട്ടിടനിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകളും പ്ലാനുകളും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടത്തിനും ടൗൺപ്ലാനിംഗ് നിയമങ്ങൾക്കും വിധേയമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ അംഗീകാരത്തിനായി സെക്രട്ടറിക്ക് സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.
- ചട്ടവിരുദ്ധമായ പ്ലാനുകളും അത്തരത്തിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകളും സെക്രട്ടറിക്ക്

സമർപ്പിക്കരുതെന്ന നിയമപരമായ ഡെലിഗേഷൻ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിലുള്ള ഫയൽ സമർപ്പിച്ച മുനിസിപ്പൽ എഞ്ചിനീയറാണ് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 50(3) വകുപ്പ് പ്രകാരം ഇതിന് ഉത്തരവാദിയാകുന്നത്.

- കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 50(2), 50(3) എന്നീ വകുപ്പുകളുടേയും 72671/2008, 36587/2009 എന്നീ സർക്കുലറുകളുടേയും നിയമപരിരക്ഷ പൂർണ്ണമായി അവകാശപ്പെട്ടതാണ്.
- എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണാനുമതി നൽകിയതിന് മൂവാറ്റുപുഴ നഗരസഭാ മുൻ സെക്രട്ടറി ശ്രീ.വി.ആർ. രാജുവിനെ 09.10.2019-ലെ 2818/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.പി.മുരളീധരനെ 21.06.2017-ലെ 2077/2017/തസ്വഭവ നമ്പർ പ്രകാരവും കുറ്റവിമുക്തരാക്കിയിട്ടുണ്ട്.

3) കൂടാതെ മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ച് പരാമർശിത ഉത്തരവ് പുന:പരിശോധിച്ച്, നീതിപൂർവ്വമായ ഒരു തീരുമാനത്തിലൂടെ തടയപ്പെട്ട ടിയാന്റെ ഇൻക്രിമെന്റ് പുനസ്ഥാപിച്ചു നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശിപാർശ അംഗീകരിക്കുക മാത്രമാണ് എക്സിക്യൂട്ടീവ് അതോറിറ്റി എന്ന നിലയിൽ ചെയ്തിട്ടുള്ളത് എന്നും സ്പെഷ്യൽ റസിഡൻഷ്യലിന്റെ നിർവചനത്തിൽ ഉൾപ്പെടുത്താവുന്ന കെട്ടിടം 'അസംബ്ലി ഒക്യുപൻസി' എന്ന നിഗമനത്തിലാണ് വിജിലൻസ് റിപ്പോർട്ടിൽ റൂൾ വയലേഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നും ടിയാന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ വീഴ്ച സംഭവിച്ചിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ ശ്രീ. രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ചും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ചും ടിയാന് പരാമർശ ഉത്തരവ് പ്രകാരം നല്കിയ ശിക്ഷ ഒഴിവാക്കി തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. അപ്രകാരം ശ്രീ. രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണിമാത്യു**

**അഡീഷണൽ സെക്രട്ടറി.**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ശ്രീ. രഘുരാമൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ